ആറളം ആദിവാസി പുനരധിവാസ പദ്ധതി

29 (*449) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ആദിവാസി പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് ; ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനകം എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുനരധിവാസ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(ഡി) പുനരധിവാസ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) കേന്ദ്ര സർക്കാരിൽ നിന്നും 2004-ൽ വാങ്ങിയ ആറളം ഫാം ആകെ 3060 ഹെക്ടർ (7558.20 ഏക്കർ) ആണുള്ളത്. ഇതിന്റെ പകുതി ഭാഗം കേരള സർക്കാരിന്റെ കീഴിൽ ഫാമായി നിലനിർത്തുകയും കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. പുനരധിവാസത്തിനായി മാറ്റിവച്ചിട്ടുള്ള പകുതി ഭാഗം 6 (ആറ്) ബ്ലോക്കുകളിലായി 1593.93 ഹെക്ടർ (3937 ഏക്കർ) ആണുള്ളത്. ഇതിൽ വിതരണയോഗ്യമായ ഭൂമി 1516.07 ഹെക്ടർ (3744.70 ഏക്കർ) ആണ്. ഈ സ്ഥലത്തുനിന്ന് ഒരേക്കർ വീതമുള്ള 3095 പ്ലോട്ടുകൾ സർവ്വേ ചെയ്യുകയും 2335 ഏക്കർ വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്ത ഭൂമിയിൽ താമസയോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവും സുസ്ഥിര വരുമാനത്തിനുതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രസ്തുത പദ്ധതി പ്രകാരം 2335 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 1100 പേർക്ക് ഭൂമി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ബി) ഇതിനകം ആകെ 311 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 306 വീടുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയും 5

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ ഗുണഭോക്താക്കൾ നേരിട്ടും പൂർത്തിയാക്കിയിട്ടുള്ളതാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന പൂർത്തിയാക്കിയ 185 വീടുകൾ ഗുണ ഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി)

1. ഭൂമിയുടെ ലഭ്യതയനുസരിച്ച് ഒരേക്കർ മുതൽ 5 ഏക്കർ വരെ ഭൂമി വിതരണം.

2. ഇവർക്ക് സ്ഥിരമായി വരുമാനം ഉണ്ടാക്കുന്നതിന് സഹായകമായ തൊഴിൽ സൗകര്യങ്ങളും മറ്റു സംരംഭങ്ങളും.

3. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുന്നതിന് നടപടികൾ.

4. ആദിവാസികളുടെ സർവ്വതോന്മുഖമായ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും നടപ്പാക്കുന്നതിലും ആദിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കൽ.

5. ഒരു അംഗനവാടി ആരംഭിച്ചു.

6. പുനരധിവസിപ്പിക്കപ്പെട്ടവർക്കായി പുതിയ റേഷൻ ഷാപ്പ് ഏർപ്പെടുത്തി.

7. താൽക്കാലിക ഷെഡ് പണികഴിപ്പിക്കുന്നതിനും കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു.

8. Mobile Health യൂണിറ്റ് ആരംഭിച്ചു.

(ഡി) ആദിവാസി പുനരധിവാസ പദ്ധതി 5 വർഷത്തിനകം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കള്ള് ചെത്ത് തൊഴിലാളികൾക്ക് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതി

30 (*450) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുചെത്ത് തൊഴിലാളികൾക്ക് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly